# അറിയിപ്പ്

സർക്കാർ/സർക്കാർ എയ്ഡഡ് സ്കൂളുകളിലെ IX, X ക്ലാസുകളിലെ OBC, EBC വിദ്യാർത്ഥികൾക്ക് PM-YASASVI OBC, EBC പ്രീമെട്രിക് സ്കോളർഷിപ്പ് പദ്ധതി പ്രകാരം അപേക്ഷ സ്വീകരിക്കുന്നത് സംബന്ധിച്ച ചില നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

- വിദ്യാർത്ഥികളിൽ നിന്നും 2024 സെപ്റ്റംബർ 30 നകം നിർദ്ദിഷ്ട മാതൃകയിൽ അപേക്ഷ സ്വീകരിക്കേണ്ടതും സ്കൂളുകളിൽ നിന്നും 2024 ഒക്ടോബർ 15 നകം ഡാറ്റാ എൻട്രി പൂർത്തിയാക്കേണ്ടതുമാണ്.

- നിലവിൽ ഏർപ്പെടുത്തിയിട്ടുള്ളതിൽ നിന്നും വ്യത്യസ്തമായി VIII, IX ക്ലാസുകളിലെ വർഷാവസാന പരീക്ഷയ്ക്ക് 60% അല്ലെങ്കിൽ അതിൽ കൂടുതൽ മാർക്ക്/ഗ്രേഡ് നേടിയിട്ടുള്ള ഒ.ബി.സി, ഇ.ബി.സി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പിന് അപേക്ഷിക്കാൻ സാധിക്കുന്നതാണ്. മുൻ വർഷത്തെ വാർഷിക പരീക്ഷയിൽ ലഭിച്ച ആകെ മാർക്ക് (CE + TE) അടിസ്ഥാനമാക്കിയാണ് ശതമാനം കണക്കാക്കേണ്ടത്. (മാർക്കിനെ ഗ്രേഡിലേക്ക് മാറ്റി ഗ്രേഡിന്റെ അടിസ്ഥാനത്തിൽ ശതമാനം കണക്കാക്കുന്ന രീതി ഒഴിവാക്കേണ്ടതാണ്.)

- മാർക്ക് അല്ലെങ്കിൽ ഗ്രേഡിന്റെ ശതമാനം കണക്കാക്കി, പ്രസ്തുത ശതമാനം മാത്രമാണ് ഇ-ഗ്രാന്റ്സിൽ രേഖപ്പെടുത്തേണ്ടത്, മറിച്ച് മാർക്ക്/ഗ്രേഡ് അല്ല.

- മുൻവർഷം 75 ശതമാനം ഹാജരുള്ളവർക്ക് മാത്രമേ സ്കോളർഷിപ്പിന് അർഹതയുണ്ടായിരിക്കൂ.

- വരുമാന സർട്ടിഫിക്കറ്റ് ഒരു തവണ സമർപ്പിച്ചാൽ മതിയാകും. (ഒൻപതാം ക്ലാസ്സിൽ സ്കോളർഷിപ്പ് ലഭ്യമായവർ പത്താം ക്ലാസ്സിൽ വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതില്ല.)

- സ്കൂളുകളിൽ നിന്നും അപേക്ഷകൾ പിന്നാക്ക വിഭാഗ വികസന വകുപ്പിന്റെ അതത് മേഖലാ ആഫീസുകളിൽ ഇ-ഗ്രാന്റ്സ് മുഖേന ലഭ്യമാകുന്നതാണ്.

- ഒരു കുടുംബത്തിലെ രണ്ടിൽ കൂടുതൽ ആൺകുട്ടികൾ അപേക്ഷിക്കാൻ പാടില്ല. പെൺകുട്ടികൾക്ക് ബാധകമല്ല.

- ടി പദ്ധതിയുടെ അപേക്ഷാ സമർപ്പണം സംബന്ധിച്ച് മേൽ രേഖപ്പെടുത്തിയിട്ടുള്ള നിർദ്ദേശങ്ങൾക്ക് പുറമേയുള്ള മറ്റെല്ലാ മാർഗ്ഗനിർദ്ദേശങ്ങൾക്കുമായി പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറുടെ 17.11.2023 ലെ BCDIR/A3/482/2023 നമ്പർ സർക്കുലർ പരിശോധിക്കേണ്ടതാണ്.

***************

# പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറുടെ കാര്യാലയം

അയ്യൻകാളി ഭവൻ, കനകനഗർ, വെള്ളയമ്പലം, കവടിയാർ പി.ഒ,
തിരുവനന്തപുരം –695003, ഫോൺ/ഫാക്സ് - 0471 2727379
ഇമെയിൽ - bcddkerala@gmail.com, വെബ്സൈറ്റ് –www.bcdd.kerala.gov.in

BCDIR/A3/371/2023 തീയതി : 04-08-2023

ഭരണഭാഷ – മാതൃഭാഷ

## സർക്കുലർ

വിഷയം:- പി.വി.വി.വ – PM-YASASVI OBC, EBC പ്രീമെട്രിക് സ്കോളർഷിപ്പ് : മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്

സൂചന :- സ.ഉ.(സാധാ) നം.117/2022/പി.വി.വി.വ തീയതി, 09/12/2022

കേന്ദ്ര സംസ്ഥാന സർക്കാരുകൾ 60:40 എന്ന അനുപാതത്തിൽ തുക വിനിയോഗിച്ച് സംസ്ഥാനത്തെ സർക്കാർ/സർക്കാർ എയ്ഡഡ് സ്കൂളുകളിലെ 9,10 ക്ലാസ്സുകളിൽ പഠിക്കുന്ന OBC, EBC വിഭാഗം വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അനുവദിക്കുന്ന പദ്ധതിയാണ് PM-YASASVI OBC, EBC പ്രീമെട്രിക് സ്കോളർഷിപ്പ്. മാർക്ക്, വരുമാനം എന്നിവയുടെ അടിസ്ഥാനത്തിൽ തിരഞ്ഞെടുക്കപ്പെടുന്ന വിദ്യാർത്ഥികൾക്ക് പ്രതിവർഷം ₹4000/- അക്കാദമിക് അലവൻസ് ലഭിക്കും. ഓരോ വർഷവും ജൂലൈ 15 നകം വിദ്യാർത്ഥികൾ അപേക്ഷ സ്കൂളിൽ സമർപ്പിക്കേണ്ടതും, ആയതിന്റെ അടിസ്ഥാനത്തിൽ സ്കൂൾ അധികൃതർ ഇ-ഗ്രാന്റ്സ് 3.0 പോർട്ടൽ മുഖേന ജൂലൈ 31 നകം ഡാറ്റാ എൻട്രി പൂർത്തീകരിക്കേണ്ടതുമാണ്. സ്കോളർഷിപ്പിന് അപേക്ഷ സമർപ്പിക്കുന്നത് സംബന്ധിച്ച് വിദ്യാർത്ഥികൾക്കും സ്കൂൾ അധികൃതർക്കുമുള്ള നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

### അപേക്ഷകർക്കുള്ള നിർദ്ദേശങ്ങൾ

1. സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ 9,10 ക്ലാസ്സുകളിൽ പഠിക്കുന്ന OBC, EBC/EWS (Economically Backward Classes /Economically Weaker Sections – പൊതുവിഭാഗത്തിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾ) വിഭാഗങ്ങളിൽ ഉൾപ്പെട്ട വിദ്യാർത്ഥികളെയാണ് ഈ പദ്ധതിക്കായി പരിഗണിക്കുന്നത്. OEC വിദ്യാഭ്യാസാനുകൂല്യത്തിന് പരിഗണിക്കുന്ന സമുദായങ്ങളിലെ വിദ്യാർത്ഥികൾക്കും ടി മാനദണ്ഡങ്ങൾ പ്രകാരം അർഹതയുണ്ടെങ്കിൽ അപേക്ഷ സമർപ്പിക്കാവുന്നതാണ്.
2. സമാന രീതിയിലുള്ള സ്കോളർഷിപ്പ് പദ്ധതി നിലവിലുള്ളതിനാൽ ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ടവർ അപേക്ഷിക്കേണ്ടതില്ല.

3. സ്കോളർഷിപ്പിന് അപേക്ഷ സമർപ്പിക്കാവുന്ന സമുദായങ്ങളുടെ പട്ടിക അനുബന്ധം 1 ആയി ചേർക്കുന്നു.
4. അപേക്ഷാഫാറത്തിന്റെ മാതൃക അനുബന്ധം 2 ആയി ചേർക്കുന്നു. ആയത് www.bcdd.kerala.gov.in, www.egrantz.kerala.gov.in എന്നീ വെബ് സൈറ്റുകളിലും എല്ലാ സ്കൂളുകളിലും ലഭ്യമാണ്. (ഫോട്ടോസ്റ്റാറ്റ് ഉപയോഗിക്കാവുന്നതാണ്).
5. മാനദണ്ഡങ്ങൾ പ്രകാരം അർഹരായ വിദ്യാർത്ഥികൾ നിശ്ചിത മാതൃകയിലുള്ള അപേക്ഷാഫാറം പൂരിപ്പിച്ച് ജൂലൈ 15 നകം സ്കൂൾ പ്രധാനാധ്യാപകനെ ഏൽപ്പിക്കേണ്ടതാണ്.
6. കുടുംബ വാർഷിക വരുമാന പരിധി 2,50,000/- രൂപ. ആദ്യമായി അപേക്ഷിക്കുന്നവർ ഇ-ഡിസ്ട്രിക്റ്റ് പോർട്ടൽ മുഖേന ലഭ്യമായ വരുമാന സർട്ടിഫിക്കറ്റ് നിർബന്ധമായും അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്. റിന്യൂവലിന് വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതില്ല.
7. സ്കൂൾ പ്രവേശന സമയത്ത് ജാതി തെളിയിക്കുന്ന രേഖ ഹാജരാക്കിയിട്ടില്ലാത്തവരും പിന്നീട് മതപരിവർത്തനം നടത്തിയിട്ടുള്ളവരും അപേക്ഷയോടൊപ്പം ജാതി തെളിയിക്കുന്ന രേഖ ഹാജരാക്കേണ്ടതാണ്. ഇതര സംസ്ഥാനത്ത് നിന്നും കേരളത്തിൽ വന്നു താമസിച്ചിട്ടുള്ളവരുടെ കാര്യത്തിൽ, കേരളത്തിലെ റവന്യൂ അധികാരികളിൽ നിന്നുള്ള സാക്ഷ്യപത്രങ്ങൾ മാത്രമേ പരിഗണിക്കുകയുള്ളൂ.
8. അപേക്ഷിക്കുന്ന എല്ലാവർക്കും സ്കോളർഷിപ്പ് ലഭ്യമാകണമെന്നില്ല. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ഉയർന്ന പഠന മികവിന്റേയും കുറഞ്ഞ വാർഷിക വരുമാനത്തിന്റേയും അടിസ്ഥാനത്തിലായിരിക്കും ഗുണഭോക്തൃ നിർണ്ണയം നടത്തുന്നത്.
9. തിരഞ്ഞെടുക്കപ്പെടുന്ന പക്ഷം ഗുണഭോക്താക്കളുടെ ആധാറുമായി സീഡ് ചെയ്ത ബാങ്ക് അക്കൗണ്ടിലേക്കാണ് സ്കോളർഷിപ്പ് തുക ട്രാൻസ്ഫർ ചെയ്യുന്നത്. ആധാർ ലിങ്കിങ് & ആധാർ സീഡിങ് എന്നിവ രണ്ട് വ്യത്യസ്ത നടപടി ക്രമങ്ങളാണ്. ബാങ്ക് അക്കൗണ്ട് ആധാറുമായി ലിങ്ക് ചെയ്തു എന്ന കാരണത്താൽ അത് ആധാർ സീഡഡ് ആവണമെന്നില്ല. ആയതിനാൽ ബാങ്ക് അക്കൗണ്ടുകൾ ആധാറുമായി സീഡ് ചെയ്തിട്ടുണ്ടെന്ന് ബന്ധപ്പെട്ട ബാങ്ക് ശാഖയെ സമീപിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.
10. അവസാന തീയതിക്ക് ശേഷം ലഭിക്കുന്നതോ, അപൂർണ്ണമോ ആയ അപേക്ഷകൾ പരിഗണിക്കുന്നതല്ല.

സ്കൂൾ അധികൃതർക്കുള്ള നിർദ്ദേശങ്ങൾ

1. IX, X ക്ലാസ്സുകളിൽ പഠിക്കുന്ന, അനുബന്ധം 1 ൽ പട്ടികപ്പെടുത്തിയിട്ടുള്ള സമുദായങ്ങളിൽ ഉൾപ്പെട്ട വിദ്യാർത്ഥികൾക്കു മാത്രമേ ഈ പദ്ധതി പ്രകാരമുള്ള സ്കോളർഷിപ്പിന് (4000/- രൂപ അക്കാദമിക് അലവൻസ്) അർഹത ഉണ്ടായിരിക്കുകയുള്ളൂ. ഇത് സംബന്ധിച്ച് വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും അറിയിപ്പ് നൽകേണ്ടതാണ്.
2. പ്രീമെട്രിക് സ്കോളർഷിപ്പിന് അപേക്ഷ സമർപ്പിക്കാവുന്ന സമുദായങ്ങളുടെ പട്ടിക (OBC &

EBC/EWS), അപേക്ഷാഫാറത്തിന്റെ മാതൃക എന്നിവ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കേണ്ടതാണ്.

3. ആവശ്യമെങ്കിൽ അപേക്ഷാഫാറം പൂരിപ്പിക്കുന്നതിന് വിദ്യാർത്ഥികളെ സഹായിക്കുവാൻ അധ്യാപകർക്ക് നിർദ്ദേശം നൽകേണ്ടതാണ്.

4. പൂരിപ്പിച്ച അപേക്ഷകൾ എല്ലാ വർഷവും ജൂലൈ 15 വരെ സ്കൂളിൽ സ്വീകരിക്കാവുന്നതാണ്.

5. ലഭ്യമായ അപേക്ഷകൾ പരിശോധിച്ച് രേഖപ്പെടുത്തിയിരിക്കുന്ന വിവരങ്ങൾ പൂർണ്ണമായും ശരിയാണ് എന്ന് ഉറപ്പു വരുത്തേണ്ടത് പ്രധാനാധ്യാപകരുടെ ചുമതലയാണ്. അപേക്ഷകളിൽ നിശ്ചിത സ്ഥാനത്ത് പ്രധാനാധ്യാപകരുടെ ഒപ്പും സീലും പതിക്കേണ്ടതും, അപേക്ഷകൾ 10 വർഷത്തേയ്ക്ക് സ്കൂളിൽ സൂക്ഷിക്കേണ്ടതുമാണ്.

6. <u>IX, X ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ മുൻവർഷത്തെ മാർക്ക് അടിസ്ഥാനമാക്കിയാണ് ഗുണഭോക്തൃ നിർണ്ണയം നടത്തുന്നത്. മുൻവർഷം വാർഷിക പരീക്ഷയിൽ 75% ഉം അതിൽ കൂടുതലും മാർക്കും ഹാജരും ഉള്ളവരെയും 2.5 ലക്ഷം രൂപ വരെ വാർഷിക വരുമാനം ഉള്ളവരേയുമാണ് ഈ പദ്ധതി പ്രകാരം സ്കോളർഷിപ്പിന് പരിഗണിക്കുന്നത്. അപ്രകാരമുള്ള വിദ്യാർത്ഥികളുടെ വിവരങ്ങൾ മാത്രം ഇ-ഗ്രാന്റ്സ് മുഖേന എന്റർ ചെയ്താൽ മതിയാകും. അപേക്ഷിച്ച എല്ലാവർക്കും സ്കോളർഷിപ്പ് ലഭ്യമാകണമെന്നില്ല. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ഉയർന്ന പഠന മികവിന്റേയും കുടുംബ വാർഷിക വരുമാനത്തിന്റേയും അടിസ്ഥാനത്തിലായിരിക്കും ഗുണഭോക്തൃ നിർണ്ണയം നടത്തുന്നത്.</u>

7. <u>പഠന മികവിന്റെ അടിസ്ഥാനത്തിലാണ് ഗുണഭോക്തൃ നിർണ്ണയം നടത്തുന്നത് എന്നതിനാൽ പ്രൊമോഷൻ ലിസ്റ്റിനെ അടിസ്ഥാനമാക്കിയുള്ള കൃത്യമായ ശതമാനം രേഖപ്പെടുത്തുന്നതിന് അധ്യാപകർ ശ്രദ്ധിക്കേണ്ടതാണ്. മറ്റ് സ്കൂളിൽ വന്നും പുതുതായി പ്രവേശനം നേടിയവരുടെ കാര്യത്തിൽ, മുൻവർഷം പഠിച്ചിരുന്ന സ്കൂളിലെ പ്രധാനാധ്യാപകൻ സാക്ഷ്യപ്പെടുത്തിയ മാർക്ക് ലിസ്റ്റിനെ അടിസ്ഥാനമാക്കി മാത്രം മാർക്ക് ശതമാനം രേഖപ്പെടുത്തേണ്ടതാണ്. പിന്നാക്ക വിഭാഗ വികസന വകുപ്പിലെ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥർ സ്കൂൾ സന്ദർശിച്ച് ആവശ്യപ്പെടുന്ന പക്ഷം അഡ്മിഷൻ രജിസ്റ്റർ, അറ്റൻഡൻസ് രജിസ്റ്റർ, അപേക്ഷാഫാറങ്ങൾ, അനുബന്ധ രേഖകൾ, പ്രൊമോഷൻ ലിസ്റ്റ് തുടങ്ങിയ രേഖകൾ പരിശോധനയ്ക്കായി നൽകേണ്ടതാണ്.</u>

8. വരുമാനം, ജാതി എന്നിവ കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ടെന്ന് സ്ഥാപനമേധാവി ഉറപ്പുവരുത്തേണ്ടതാണ്. ഇ-ഗ്രാന്റ്സ് പോർട്ടൽ ഇ-ഡിസ്ട്രിക്റ്റ് പോർട്ടലുമായി ഇന്റഗ്രേറ്റ് ചെയ്തിട്ടുള്ളതിനാൽ ഇ-ഡിസ്ട്രിക്റ്റ് പോർട്ടൽ മുഖേന ലഭ്യമായ വരുമാന സർട്ടിഫിക്കറ്റിന്റെ നമ്പർ, സെക്യൂരിറ്റി കോഡ് എന്നിവ ഇ-ഗ്രാന്റ്സ് പോർട്ടലിൽ എന്റർ ചെയ്യേണ്ടതുണ്ട്. ആയതിനാൽ ഓൺലൈനായി ലഭ്യമായ വരുമാന സർട്ടിഫിക്കറ്റ് തന്നെയാണ് അപേക്ഷയോടൊപ്പം സമർപ്പിച്ചിട്ടുള്ളത് എന്ന് പ്രത്യേകം ഉറപ്പുവരുത്തേണ്ടതാണ്.

9. ജാതി, കാറ്റഗറി, ജാതി പേരുകളിലുള്ള അക്ഷരപ്പിശക് തുടങ്ങിയവയുമായി ബന്ധപ്പെട്ട് എന്തെങ്കിലും സംശയം ഉണ്ടാവുന്ന പക്ഷം പിന്നാക്ക വിഭാഗ വികസന വകുപ്പിന്റെ മേഖലാ ആഫീസുമായി ആശയവിനിമയം നടത്തി സംശയനിവൃത്തി വരുത്തിയ ശേഷം മാത്രം

ഡാറ്റാ എൻട്രി നടത്തേണ്ടതാണ്. വെബ്സൈറ്റിൽ രേഖപ്പെടുത്താത്ത ജാതികളൊന്നും തന്നെ അപേക്ഷയ്ക്ക് പരിഗണിക്കേണ്ടതില്ല.

10. ലഭ്യമാകുന്ന അപേക്ഷകൾ ഇ-ഗ്രാന്റ്സ് പോർട്ടൽ 3.0 മുഖേന ജൂലൈ 31 വരെ ഡാറ്റാ എൻട്രി നടത്താവുന്നതാണ്. ഡാറ്റാ എൻട്രി സംബന്ധമായ പ്രശ്നങ്ങൾ egrantz3.0helpline2@gmail.com എന്ന ഇ-മെയിൽ വിലാസത്തിൽ അറിയിക്കേണ്ടതാണ്.

11. വിദ്യാർത്ഥികളുടെ ആധാറുമായി സീഡ് ചെയ്ത ബാങ്ക് അക്കൗണ്ടിലേക്കാണ് സ്കോളർഷിപ്പ് തുക ട്രാൻസ്ഫർ ചെയ്യുന്നത് എന്നതിനാൽ വിദ്യാർത്ഥികളുടെ ബാങ്ക് അക്കൗണ്ട് സീഡ് ചെയ്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്. ആധാർ സീഡിംഗ്, ആധാർ ലിങ്കിംഗ് എന്നിവ വ്യത്യസ്തമായ നടപടിക്രമങ്ങളാണ്. ആധാർ ലിങ്ക് ചെയ്തു എന്നത് കൊണ്ട് സീഡഡ് ആകണമെന്നില്ല. അതത് ബാങ്ക് ശാഖയുമായി ബന്ധപ്പെട്ട് ബാങ്ക് അക്കൗണ്ട് സീഡഡ് ആണെന്ന് ഉറപ്പുവരുത്തുന്നതിന് രക്ഷിതാക്കൾക്ക് നിർദ്ദേശം നൽകേണ്ടതാണ്.

12. നിശ്ചിത സമയത്തിനകം ഡാറ്റാ എൻട്രി നടത്താത്തതിനാൽ അർഹരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് ലഭ്യമാവാത്തതോ, തെറ്റായ വിവരങ്ങൾ രേഖപ്പെടുത്തുന്നതിലൂടെ അനർഹർക്ക് ആനുകൂല്യം ലഭ്യമാകുന്നതോ ആയ സാഹചര്യങ്ങൾ തീർത്തും ഒഴിവാക്കപ്പെടേണ്ടതാണ്.

13. USS, NMMS, NTSE തുടങ്ങിയ വിവിധ മത്സര പരീക്ഷകളിലെ മികവിന്റെ അടിസ്ഥാനത്തിൽ  സ്കോളർഷിപ്പ് ലഭിക്കുന്നവരേയും, ഭിന്നശേഷി സ്കോളർഷിപ്പ്, സ്നേഹപൂർവ്വം സ്കോളർഷിപ്പ് എന്നിവ ലഭിക്കുന്നവരേയും ഈ പദ്ധതിയിൽ നിന്നും ഒഴിവാക്കേണ്ടതില്ല.

14. സമാന രീതിയിലുള്ള പ്രീമെട്രിക് സ്കോളർഷിപ്പുകൾക്ക് അപേക്ഷിച്ചിട്ടുള്ള വിദ്യാർത്ഥികളുടെ അപേക്ഷകൾ സ്വീകരിക്കേണ്ടതില്ല. ഈ പദ്ധതി പ്രകാരം അനുവദിക്കുന്ന തുക തിരിച്ചടയ്ക്കുന്നതിനുള്ള സംവിധാനം ഉണ്ടായിരിക്കുന്നതല്ല.

15. കൂടുതൽ വിവരങ്ങൾക്ക് പിന്നാക്ക വിഭാഗ വികസന വകുപ്പിന്റെ അതത് മേഖലാ ആഫീസുമായി ബന്ധപ്പെടാവുന്നതാണ്.

| ഓഫീസ് | ജില്ല |
|---|---|
| മേഖലാ ഡെപ്യൂട്ടി ഡയറക്ടർ<br>പിന്നാക്ക വിഭാഗ വികസന വകുപ്പ്<br>ടി.കെ മാധവൻ മെമ്മോറിയൽ ബിൽഡിംഗ്,<br>മുണ്ടയ്ക്കൽ, കൊല്ലം - 691001<br>ഫോൺ - 0474 2914417<br>ഇ-മെയിൽ - bcddklm@gmail.com | തിരുവനന്തപുരം, കൊല്ലം,<br>പത്തനംതിട്ട |
| മേഖലാ ഡെപ്യൂട്ടി ഡയറക്ടർ<br>പിന്നാക്ക വിഭാഗ വികസന വകുപ്പ്<br>സിവിൽ സ്റ്റേഷൻ, രണ്ടാം നില<br>കാക്കനാട്, എറണാകുളം - 682030<br>ഫോൺ - 0484 2983130<br>ഇ-മെയിൽ - ekmbcdd@gmail.com | ആലപ്പുഴ, കോട്ടയം, എറണാകുളം,<br>ഇടുക്കി |

I/109343/2023

| | |
|---|---|
| മേഖലാ ഡെപ്യൂട്ടി ഡയറക്ടർ<br>പിന്നാക്ക വിഭാഗ വികസന വകുപ്പ്<br>കെ.റ്റി.വി ടവേഴ്സ്, രണ്ടാം നില<br>യാക്കര റെയിൽവേ ഗേറ്റിന് സമീപം,<br>പാലക്കാട്-678001<br>ഫോൺ - 0491 2505663<br>ഇ-മെയിൽ - bcddpkd@gmail.com | തൃശ്ശൂർ, പാലക്കാട്, മലപ്പുറം |
| മേഖലാ ഡെപ്യൂട്ടി ഡയറക്ടർ<br>പിന്നാക്ക വിഭാഗ വികസന വകുപ്പ്<br>സിവിൽ സ്റ്റേഷൻ,<br>കോഴിക്കോട് - 673020<br>ഫോൺ - 0495 2377786<br>ഇ-മെയിൽ - bcddcalicut@gmail.com | കോഴിക്കോട്, കണ്ണൂർ, വയനാട്, കാസറഗോഡ് |

(ഒപ്പ്)

ഡയറക്ടർ

പകർപ്പ്:

1. ഗവ. അഡീഷണൽ ചീഫ് സെക്രട്ടറി, പിന്നാക്ക വിഭാഗ വികസന വകുപ്പ് (ഉപരിപത്രം സഹിതം)
2. ഡയറക്ടർ, പൊതു വിദ്യാഭ്യാസ വകുപ്പ് (ഉപരിപത്രം സഹിതം)
3. ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ് (ഉപരിപത്രം സഹിതം)
4. ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്
5. രജിസ്ട്രാർ, സി-ഡിറ്റ്
6. മാനേജർ, ഐ.ടി ഡിവിഷൻ - പി.വി.വി.വ
7. ഡാറ്റാ ബേസ് അഡ്മിനിസ്ട്രേറ്റർ, ഇ-ഗ്രാന്റ്സ്
8. മേഖലാ ഡെപ്യൂട്ടി ഡയറക്ടർ, പി.വി.വി.വ - കൊല്ലം, എറണാകുളം, പാലക്കാട്, കോഴിക്കോട്
9. എല്ലാ DD/DEO/AEO മാർക്കും (ഇ-മെയിൽ മുഖേന)
10. എല്ലാ ജില്ലാ പട്ടികജാതി വികസന ആഫീസർമാർക്കും (അറിവിലേക്കായി)
11. എല്ലാ സർക്കാർ/എയ്ഡഡ് സ്കൂൾ പ്രധാനാധ്യാപകർക്കും - ഡി.ഇ.ഒ മുഖേന
12. നോട്ടീസ് ബോർഡ്/കരുതൽ/അധികം

അംഗീകാരത്തോടെ

Signed by Rophin K R
Date: 04-08-2023 11:17:26
Reason: Approved

സീനിയർ സൂപ്രണ്ട്